ഫോഴ്സ് അതേ രീതിയിൽ പുനഃസ്ഥാപിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രൊട്ടക്ഷൻ ഫോഴ്സിന്റെ മുമ്പുണ്ടായിരുന്ന സ്ട്രെങ്ത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18.1.90-ലെ(എം.എസ്.) 3/90/വനം പ്രകാരം കോന്നിയിൽ രൂപീകൃതമായ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു റെയ്ഞ്ചർ, രണ്ട് ഫോറസ്റ്റർ, 18 ഫോറസ്റ്റ് ഗാർഡ്, ഒരു ഡ്രൈവർ എന്നീ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇതിൽ റെയ്ഞ്ച് തസ്തിക ഒഴികെയുള്ള തസ്തികകൾ കോന്നിയിൽ തന്നെ തുടരുന്നുണ്ട്.

(ബി)&(സി) പ്രൊട്ടക്ഷൻ ഫോഴ്സ് പഴയ രീതിയിൽ പുനസ്ഥാപിക്കേണ്ട ആവശ്യകത ഉള്ളതായി കാണുന്നില്ല.

51 (339) വാഗമണിലെ വനഭൂമി കയ്യേറ്റം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണ പ്രവർത്തനത്തിനായി 1987-ൽ സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ പീരുമേട് റെയിഞ്ചിന് കൈമാറിയ ഇടുക്കി ജില്ലയിലെ വാഗമണിലുള്ള 440 ഹെക്ടർ വനഭൂമിയുടെ ചില ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കൈയേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വനം വകുപ്പിന്റെ സംരക്ഷണത്തിലുള്ള 440 ഹെക്ടർ വനഭൂമിയുടെ ചില ഭാഗങ്ങൾ സ്വകാര്യവ്യക്തികൾ കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെ 23 ഏക്കർ പതിച്ചുകൊടുക്കുവാൻ റവന്യൂ വകുപ്പെടുത്ത നടപടികൾ റദ്ദാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

52 (340) കൊല്ലം ഫോറസ്റ്റ് സർക്കിളിലെ തടി ഡിപ്പോകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഫോറസ്റ്റ് സർക്കിളിലെ തൂയം, വീയപുരം എന്നീ ഗവൺമെന്റ് തടി ഡിപ്പോകൾ അപ്ഗ്രേഡ് ചെയ്യുവാനും ഇവിടെ ഫോറസ്റ്റർമാരുടെ ചുമതല ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ചർമാരെ ഏൽപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിർദ്ദിഷ്ട ഡിപ്പോ ആഫീസർ തസ്തികയിലെ അംഗബലം വർദ്ധിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly